ആർക്കും സൗജന്യമായി കേൾക്കാവുന്ന ഈണം എന്ന ഇന്റർനെറ്റ് ആൽബവും അതിനു പിന്നിൽ വിവിധ രാജ്യങ്ങളിൽ ഇരുന്നു പ്രവർത്തിക്കുന്ന ഒരുകൂട്ടം യുവാക്കളും സൃഷ്ടിച്ച അത്ഭുത ലോകത്തേയ്ക്ക്...

# ഈണം പകർന്ന നാദവുമായി കുഞ്ഞൻ പാട്ടുകാർ

ടി.സി. രാജേഷ്
tcrajeshin@gmail.com

വിപണിയിൽ സജീവമായ ഓണപ്പാട്ടുകൾപോലും ഇന്റർനെറ്റിൽ വ്യാജനായി അവതരിക്കുവെന്നു മുറവിളികൂട്ടുമ്പോഴാണ് ഒരു സംഘം നെറ്റിസൺമാർ സ്വതന്ത്രസംഗീതമെന്ന കാഴ്ചപ്പാടുമായി ഇന്റർനെറ്റിൽ സജീവമാകുന്നത്.

'ഈണം' എന്നു പേരിട്ട ഈ ഓൺലൈൻ സംഗീതസംരംഭം ഈ ഓണക്കാലത്ത് നാലാമത്തെ ആൽബവുമായി രംഗത്തെത്തിക്കഴിഞ്ഞു.

ആർക്കും യാതൊരു തടസ്സവുമില്ലാതെ ഡൗൺലോഡ് ചെയ്തെടുക്കാവുന്ന മനോഹരമായ പത്ത് ഓണപ്പാട്ടുകളാണ് ഈ ആൽബത്തിലുള്ളത്.

സ്വതന്ത്രസംഗീതധാരയുടെ അലയൊലികൾ നെറ്റിൽ സജീവമായിത്തുടങ്ങിയത് 2009ലാണ്. അന്ന് വ്യത്യസ്ത രാജ്യങ്ങളിൽ ജോലി ചെയ്യുന്ന നിശികാന്ത് (ആഫ്രിക്ക), രാജേഷ് രാമൻ (യു.കെ), കിരൺ (ഖത്തർ), ബഹുവ്രീഹി (സിംഗപ്പൂർ) എന്നീ സുഹൃത്തുക്കൾ ചേർന്ന് രൂപംകൊടുത്തതാണ് ഈണം എന്ന ഈ ലാഭരഹിത സംഗീതസംരംഭം.

## പാട്ട് ഒരിടത്ത്, സംഗീതം അടുത്ത ഭൂഖണ്ഡത്തിൽ

സ്വന്തം പി.സിക്കു മുന്നിൽ ഇരുന്നുമാത്രം പാടി റെക്കോഡ് ചെയ്തു പരിചയമുള്ള കുറേ ഗായകരെയും സംഗീതസംവിധാനത്തെക്കുറിച്ച് സാമാന്യാവബോധം മാത്രമുണ്ടായിരുന്ന സംഗീതപ്രേമികളെയും സമയം കിട്ടുമ്പോൾ അവരവരുടെ ബ്ലോഗിൽ വല്ലതും കവിതയായി കുറിച്ചുവയ്ക്കുന്ന എഴുത്തുകാരെയും കൂട്ടിയിണക്കി ഒരു പരീക്ഷണമെന്ന നിലയിൽ തുടങ്ങിയ ഈ ഉദ്യമം ഇതുവരെ പ്രസിദ്ധീകരിച്ച എല്ലാ ആൽബങ്ങളും വൻഹിറ്റായിരുന്നു.

നിലവിൽ മലയാളത്തിലെ ഏറ്റവും വലിയ സിനിമാഗാനസാഹിത്യ വെബ്സൈറ്റുകളിൽ ഒന്നായ മലയാളം മൂവി & മ്യൂസിക് ഡാറ്റാബേസിന്റെ ഒരേ ധാരയിലുള്ള വ്യത്യസ്തങ്ങളായ രണ്ട് സംഗീത വിഭാഗങ്ങളായി പ്രവർത്തിച്ചു വരുന്ന മൂന്നു സംരംഭങ്ങളാണ് 'ഈണ'വും 'നാദ'വും 'കുഞ്ഞൻ' എന്ന ഓൺലൈൻ റേഡിയോയും. വർഷത്തിൽ രണ്ടിൽക്കൂടാതെ, വ്യക്തമായ പദ്ധതികളോടെ ഏതെങ്കിലും ഒരു വിഷയത്തിലധിഷ്ഠിതമായി ഗാനസമാഹാരം പ്രസിദ്ധീകരിക്കാനുള്ള ഇടമാണ് ഈണം (eenam.com). ആർക്കും ഏതു സമയത്തും ഓർക്കസ്ട്രയോടെയോ അല്ലാതെയോ നല്ല ക്വാളിറ്റിയുള്ള ഗാനങ്ങൾ പ്രസിദ്ധീകരിക്കാനുള്ള ഇടമാണ് നാദം (m3db.com/node/2499).





നിശികാന്ത്



രാജേഷ് രാമൻ



ബഹുവ്രീഹി



കിരൺ



വിവിധ രാജ്യങ്ങളിൽ താമസിക്കുന്ന എഴുത്തുകാർ, സംഗീത സംവിധായകർ, ഗായകർ എന്നിവരെ ഏകോപിപ്പിച്ചുകൊണ്ടാണിതിന്റെ പ്രവർത്തനം.

ഒരാൾ നൽകുന്ന വരികൾക്ക് മറ്റൊരു രാജ്യത്തിരുന്ന് ഈണമിട്ട്, അത് വേറൊരു രാജ്യത്തിരുന്ന് ആലപിച്ച്, മറ്റൊരിടത്ത് അതിനു പശ്ചാത്തല സംഗീതം നൽകപ്പെട്ട്, വേറൊരിടത്ത് മിക്സ് ചെയ്ത് മറ്റൊരിടത്തിരുന്ന് ഇതെല്ലാം സമാഹരിച്ച് സൈറ്റിലേക്ക് അപ്‌ലോഡ് ചെയ്യുന്ന വളരെ വൈഷമ്യം നിറഞ്ഞ ജോലിയാണ് ഓരോ ആൽബത്തിന്റെ പിന്നിലും നടക്കുന്നത്.

എങ്കിലും രണ്ടു മാസത്തിലധികം എടുക്കാറില്ല 10 ഗാനങ്ങൾ ഉള്ള ഒരു ആൽബം പൂർത്തിയാക്കാൻ.

## വിട്ടുവീഴ്ച ഒട്ടുമില്ല പാട്ടിൽ

കവികളും സംഗീതജ്ഞരുമടങ്ങിയ അഡ്മിൻ ബോഡിയാണ് രചനകളുടെ നിലവാരം, മേന്മ മുതലായവ പരിശോധിക്കുന്നത്. ഇതോടൊപ്പം തന്നെ ഓരോ ആൽബങ്ങളിലും സംബന്ധിക്കുന്ന പുതിയ കലാകാരന്മാരെക്കുറിച്ചുള്ള വിവര സമാഹരണം മലയാളത്തിലും ഇംഗ്ലീഷിലും തയ്യാർ ചെയ്യാനും പരിശോധിക്കുവാനും മറ്റൊരു ഗ്രൂപ്പ് പല രാജ്യങ്ങളിലിരുന്ന് പ്രവർത്തിക്കുന്നുണ്ടാകും. ഫോട്ടോ കളക്ഷൻ, സൈറ്റ് ഡിസൈൻ, സ്കെച്ചുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നോക്കി നടത്താനും സമയബന്ധിതമായി പൂർത്തിയാക്കാനും വേറൊരു ഗ്രൂപ്പുമുണ്ടാകും.

ആൽബം പുറത്തിറങ്ങുന്നതോടെ നാദം, പാട്ടുപുസ്തകം എന്നീ ചർച്ചാ ഗ്രൂപ്പുകളിലുള്ളവർ ഫേസ്ബുക്ക്, ഓർക്കുട്ട്, ബസ് തുടങ്ങിയ ഓൺലൈൻ സോഷ്യൽ നെറ്റ്‌വർക്കുകളിലൂടെ ലോകത്തെമ്പാടുമുള്ള ഗാനാസ്വാദകരിലേക്ക് ഈ ഗാനങ്ങൾ എത്തിക്കുന്നു.

## പാട്ടിനു കൂട്ടായി കുഞ്ഞൻ റേഡിയോ

ഈണത്തിനും നാദത്തിനും സ്വന്തമായി 'കുഞ്ഞൻ' എന്നു പേരുള്ള ഒരു ഓൺലൈൻ റേഡിയോയുമുണ്ട്. 24 മണിക്കൂറും ഇതിലൂടെ ലോകത്തെമ്പാടുമുള്ള ഗാനാസ്വാദകർക്ക് ഈണത്തിലേയും നാദത്തിലേയും ഗാനങ്ങളോടൊപ്പം തന്നെ ഇതിൽ പങ്കാളികളായിട്ടുള്ള 180 ഓളം ഗായകർ തങ്ങളുടെ ശബ്ദത്തിൽ ആലപിച്ച മലയാളത്തിലെ തിരഞ്ഞെടുത്ത മികച്ച ഗാനങ്ങളും കേൾക്കാനുള്ള സൗകര്യമുണ്ട്.

കഴിവുണ്ടെങ്കിലും അന്യരാജ്യങ്ങളിൽ ജോലിനോക്കുന്നതിനാൽ സംഗീതത്തിന്റെ മുഖ്യധാരയിലേക്ക് എത്തിച്ചേരുവാൻ സന്ദർഭവും സാഹചര്യവും സമയവും ഇല്ലാത്ത കലാകാരന്മാരെ ഒരു കൂട്ടായ്മയ്ക്കു കീഴിൽ അണിനിരത്തുകയാണ് ഈണം ചെയ്യുന്നത്. എന്തുതന്നെയായാലും സാഹിത്യ നിലവാരത്തിന്റെ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും ഈണം തയ്യാറാകുന്നുമില്ല.

## നെറ്റുണ്ടെങ്കിൽ കൂട്ടുകൂടാം

ലോകത്തിന്റെ ഏതുഭാഗങ്ങളിലായാലും ഇന്റർനെറ്റ് സൗകര്യമുണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനങ്ങളുടെ ഭാഗമാകാൻ പ്രതിഭാധനരായ ആർക്കും കഴിയും.

ഇത്തവണ ഓണത്തിന് പ്രസിദ്ധീകരിച്ച പത്തു ഗാനങ്ങളടങ്ങിയ ആൽബത്തിലെ ഗാനങ്ങൾ രചിച്ചത് ജി. നിശീകാന്ത്, ചാന്ദ്നി ഗാനൻ, ഗണേശ് ഓലിക്കര, രാഹുൽ സോമൻ, ഗീതാ കൃഷ്ണൻ, ഡാനിൽ ഡേവിഡ് എന്നിവരും സംഗീതസംവിധാനം രാജേഷ് രാമൻ, ബഹുവ്രീഹി, ജി. നിശീകാന്ത്, പോളി വർഗ്ഗീസ്, കൃഷ്ണകുമാർ ചെമ്പിൽ, ഉണ്ണികൃഷ്ണൻ, മുരളി രാമനാഥൻ എന്നിവരുമാണ്.

ചലച്ചിത്ര പിന്നണി ഗായികയായ ഗായത്രി അതിഥി ഗായികയായെത്തുന്ന ഈ വർഷത്തെ ആൽബത്തിൽ വിജേഷ് ഗോപാൽ, രാജേഷ് രാമൻ, രതീഷ് കുമാർ, ഉണ്ണികൃഷ്ണൻ, ദിവ്യാ മേനോൻ, മുരളി രാമനാഥൻ, സണ്ണി ജോർജ്, ഊർമ്മിള വർമ്മ, ഹരിദാസ്, നവീൻ, അഭിരാമി എന്നിവരാണ് ഗായകർ. ജയ്സൺ ഡാനിയൽ, സിബു സുകുമാരൻ, പ്രകാശ് മാത്യു, ജി. നിശീകാന്ത് എന്നിവരാണ് പശ്ചാത്തല സംഗീത സംവിധാനം.

റെക്കോഡിങ്ങ് & മിക്സിങ്ങ് നവീൻ. എസ്, നവനീതം ഡിജിറ്റൽ, പന്തളം.